**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4745** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസവും, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും വിലക്കയറ്റവും പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ ഭൂമി ഏറ്റെടുക്കലിലെ കാലതാമസം ചില പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സമായിട്ടുണ്ട്. ആയത് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ഏകോപിപ്പിക്കുന്നതിനായും പ്രവൃത്തികളുമായി ബന്ധപ്പെട്ട് മറ്റു നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായി എല്ലാ ജില്ലകളിലും കളക്ടർമാരും പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന District Infrastructure Co-ordination Committee (DICC) 13.09.2021 തീയതിയിലെ സ.ഉ(സാധാ) നമ്പർ 829/2021/പി.ഡബ്ല്യൂഡി പ്രകാരം രൂപീകരിച്ചിട്ടുണ്ട്. എല്ലാമാസവും DICC കൃത്യമായി ചേർന്ന് റവന്യൂ പൊതുമരാമത്ത് വകുപ്പ്, NHAI, KIIFB, KSTP മറ്റ് അടിസ്ഥാന വികസന വകുപ്പുകൾ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തിച്ചു വരുന്നു. കെട്ടിട വിഭാഗത്തിൽ അതാത് client department ആണ് സ്ഥലം കൈമാറി നൽകുന്നത്. Revised PWD Manual 2012 പ്രകാരം ഭരണാനുമതിക്ക് proposal സമർപ്പിക്കുമ്പോൾ തന്നെ Land availability certificate അതാത് വകുപ്പുകളിൽ നിന്നും നിർബന്ധമാക്കിയിട്ടുള്ളതാണ്. Tender invite ചെയ്യുന്നതിന് മുമ്പ് തന്നെ തടസ്സ രഹിത ഭൂമി ഉറപ്പാക്കണമെന്നുമാണ് നിഷ്കർഷി ച്ചിരിക്കുന്നത്. എന്നിരുന്നാലും ചില സന്ദർഭങ്ങളിൽ അതാത് സർക്കാർ വകുപ്പുകളിൽ നിന്നും തടസ്സ രഹിത ഭൂമി കിട്ടുവാൻ താമസം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുവാൻ ടി വകുപ്പുകളുമായും ജനപ്രതിനിധികളുമായും നിരന്തരം ഇടപെടുകയും തടസ്സരഹിത ഭൂമി വിട്ടുകിട്ടാൻ പരമാവധി |

| | | | |
|---|---|---|---|
| | | | ശ്രമിക്കുകയും ചെയ്യുന്നുണ്ട്. നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും വിലക്കയറ്റവും പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു പരിധി വരെ തടസമാകുന്നുണ്ട്. 13/08/2021 തീയതിയിലെ ജി.ഒ(പി) നമ്പർ 114/2021/ധന. പ്രകാരം DSR 2018 നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. അതിനാൽ നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം പരിഹരിക്ക പ്പെടുന്നതാണ്. |
| (ബി) | റോഡ് നിർമ്മാണ വസ്തുക്കളായ ടാർ, മെറ്റൽ, മണൽ എന്നിവയുടെ ദൗർലഭ്യം നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവയുടെ ലഭ്യതക്കുറവിന് പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിർമ്മാണ സാമഗ്രികളായ മെറ്റൽ, മണൽ എന്നിവയുടെ ലഭ്യതക്കുറവ് പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. ഇവയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചന നടത്തി പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ